# കേരളസംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം - ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - ഹയർഗ്രേഡ് പ്രമോഷൻ - എറണാകുളം അസ്സി.ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.കെ.എം.സെയ്ദ് മുഹമ്മദിന് ഹയർഗ്രേഡ് പ്രമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

നം. ഇ1.503/2017/ഡി.സി. തിരുവനന്തപുരം, തീയതി: 23/02/2017

പരാമർശം:- (1) 20/01/2016 - ലെ ജി.ഒ.(പി) നം. 7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
(2) 21/02/2017 ലെ ഡ്രഗ്സ് കൺട്രോളറുടെ ഇ1.503/2017/ഡിസി നമ്പർ ഉത്തരവ്

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം കോമൺ കാറ്റഗറിയിൽപ്പെട്ട ജൂനിയർ സൂപ്രണ്ടുമാരിൽ 1/3 പേർക്ക് 35700 - 75600 രൂപ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്.

ഈ വകുപ്പിൽ 13 ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തികകളാണ് ഉള്ളത്. ആയതിനാൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം വകുപ്പിലെ 4 ജൂനിയർ സൂപ്രണ്ടുമാർക്ക് ഹയർ ഗ്രേഡ് പ്രമോഷന് അർഹതയുണ്ട്. പരാമർശം (2) ഉത്തരവിൻ പ്രകാരം എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ ജൂനിയർ സൂപ്രണ്ടായി (ഹ.ഗ്രേ) സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ദിലീപ്കുമാർ.വി - യ്ക്ക് സീനിയർ സൂപ്രണ്ടായി ഉദ്യോഗ കയറ്റം അനുവദിക്കുകയും ടിയാൻ 23/02/2017 പൂർവ്വാഹ്നം തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ സീനിയർ സൂപ്രണ്ടായി ചുമതലയേറ്റടുത്തുള്ളതിനാലും വകുപ്പിലെ ഒരു ജൂനിയർ സൂപ്രണ്ടിന് പ്രസ്തുത തസ്തികയിൽ ഹയർഗ്രേഡ് ആനുകൂല്യത്തിന് അർഹതയുണ്ട്.

ആയതിനാൽ പരാമർശം (1) ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം സീനിയോറിറ്റി പട്ടികയിൽ ഏറ്റവും സീനിയറായ ജൂനിയർ സൂപ്രണ്ട് ശ്രീ. ശ്രീ.കെ.എം.സെയ്ദ്മുഹമ്മദ് - ന് അർഹതയുടെ അടിസ്ഥാനത്തിൽ 35700 - 75600 ശമ്പളസ്കെയിലിൽ ജൂനിയർ സൂപ്രണ്ടുമാരുടെ ഹയർഗ്രേഡ് പ്രമോഷൻ 23/02/2017 - ന് പൂർവ്വാഹ്നം മുതൽ മുൻകാല പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ക്രമത്തിലുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| *ക്രമ നം.* | *പേര്* | *നിലവിലുള്ള തസ്തിക* | *സ്ഥാനക്കയറ്റ തസ്തിക, ശമ്പള സ്കെയിൽ* | *പ്രാബല്യ തീയതി* |
|---|---|---|---|---|
| 1. | ശ്രീ.സി.രാജീവ് | ജൂനിയർ സൂപ്രണ്ട് (ഹയർഗ്രേഡ്) | സ്ഥാനക്കയറ്റം ഇല്ല | |
| 2. | ശ്രീ.കെ.സജു | ജൂനിയർ സൂപ്രണ്ട് (ഹയർഗ്രേഡ്) | സ്ഥാനക്കയറ്റം ഇല്ല | |
| 3. | ശ്രീ.കെ.എ.മുഹമ്മദ് അഷ്റഫ് | ജൂനിയർ സൂപ്രണ്ട് (ഹയർഗ്രേഡ്) | സ്ഥാനക്കയറ്റം ഇല്ല | |
| **4.** | **ശ്രീ.കെ.എം.സെയ്ദ് മുഹമ്മദ്** | **ജൂനിയർ സൂപ്രണ്ട്** | **ജൂനിയർ സൂപ്രണ്ട് (ഹയർഗ്രേഡ്) 35700 - 75600** | **23/02/2017** |
| 5. | ശ്രീമതി.കെ.പി.സാവിത്രി | ജൂനിയർ സൂപ്രണ്ട് | സ്ഥാനക്കയറ്റം ഇല്ല | |

| | | | | |
|---|---|---|---|---|
| 6. | ശ്രീ.രാജീവൻ.പി | ജൂനിയർ സൂപ്രണ്ട് (സയമബന്ധിത ഹയർഗ്രേഡ്) | സ്ഥാനക്കയറ്റം ഇല്ല | |
| 7. | ശ്രീമതി.എസ്.പ്രഭ | ജൂനിയർ സൂപ്രണ്ട് | സ്ഥാനക്കയറ്റം ഇല്ല | |
| 8. | ശ്രീ.ആന്റണി വിൽഫ്രഡ് | ജൂനിയർ സൂപ്രണ്ട് | സ്ഥാനക്കയറ്റം ഇല്ല | |
| 9. | ശ്രീ.പി.തമ്പാൻ | ജൂനിയർ സൂപ്രണ്ട് | സ്ഥാനക്കയറ്റം ഇല്ല | |
| 10. | ശ്രീ.ദയാനിധി.സി.എം | ജൂനിയർ സൂപ്രണ്ട് | സ്ഥാനക്കയറ്റം ഇല്ല | |
| 11. | ശ്രീമതി.സീതാദേവി.റ്റി | ജൂനിയർ സൂപ്രണ്ട് | സ്ഥാനക്കയറ്റം ഇല്ല | |
| 12. | ശ്രീ.അരവിന്ദ്.എം | ജൂനിയർ സൂപ്രണ്ട് | സ്ഥാനക്കയറ്റം ഇല്ല | |
| 13. | എറണാകുളം ആർഡിറ്റിഎൽ - ലെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. | | | |

ശ്രീ.കെ.എം.സെയ്ദ് മുഹമ്മദിന്റെ ശമ്പള നിർണ്ണയം കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 28 എ പ്രകാരം നടത്തേതാണ്.

OFFICE OF THE DRUGS CONTROLLER
Date..........................
TRIVANDRUM

ഒപ്പ്/-
രവി.എസ്.മോനോൻ
ഡ്രഗ്സ് കൺട്രോളറുടെ ചുമതലയുള്ള
ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ

ശ്രീ.കെ.എം.സെയ്ദ് മുഹമ്മദ്
ജൂനിയർ സൂപ്രണ്ട്,
അസ്സി.ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, എറണാകുളം.

പകർപ്പ്:-

1. അസ്സി.ഡ്രഗ്സ് കൺട്രോളർ, എറണാകുളം
2. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ - I & II
3. സീനിയർ സൂപ്രണ്ട് - I & II
4. കരുതൽ ഫയൽ,
5. ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സീനിയർ സൂപ്രണ്ട്